യിലെ ജീവനക്കാരനായിരുന്നു ചന്ദ്രൻപിള്ള. ചന്ദ്രൻപിള്ളക്ക് ഭാര്യയും രണ്ടു പിഞ്ചു കുഞ്ഞുങ്ങളുമാണുള്ളത്. രാജപ്പൻ ആ കുടുംബം സപ്പോർട്ട് ചെയ്തിരുന്ന ആളാണ്. അതുകൊണ്ട് ഈ കുടുംബങ്ങൾക്ക് ആവശ്യമായ നഷ്ടപരിഹാരം കൊടുക്കണം. ഇക്കാര്യങ്ങളെ സംബന്ധിച്ച് വളരെ അടിയന്തിരമായ രീതിയിൽ അന്വേഷണം നടത്തണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ വിവരം അറിഞ്ഞയുടൻ തന്നെ ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണത്തിനായി വയ്ക്കുകയുണ്ടായി. 19-ാം തീയതിയാണ് പേപ്പട്ടി ഇവരെ കടിച്ചത്. ചന്ദ്രൻ നായരുടെ പട്ടിയാണ് കടിച്ചത്. 4 പേർക്ക് പരിക്കേറ്റിട്ടുണ്ട്. ഈ പറഞ്ഞ സംഭവം 21-ാം തീയതിയാണ് നടന്നത്. 19-ാം തീയതി പട്ടികടിച്ചിട്ടു പി. എച്ച്. സെന്ററിൽ വന്നു റിപ്പോർട്ടു ചെയ്തത് 21-ാം തീയതിയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അവിടെ വാക്സിൻ ഇല്ലാതിരുന്നതുകൊണ്ട് ഉടൻതന്നെ തിരുവനന്തപുരത്തേക്കു അയച്ചു. വാക്സിൻ കൊണ്ടുവന്നു. 22-ാം തീയതി ഇവരെ കുത്തിവച്ചു. അതിൽ ഓമ്പായ രാജപ്പൻ എന്നയാളിന്റെ മുഖത്തും കൈയിലും കാര്യമായിട്ടുള്ള പരിക്കുണ്ടായിരുന്നതുകൊണ്ട് അതിനുള്ള ഇൻജക്ഷൻ മെഡിക്കൽകോളേജുശുപത്രിയിൽ വച്ച് ചെയ്യിച്ചു. അതിന് പ്രത്യേകമായിട്ടുള്ള വാക്സിൻ കൂടി ചേർത്തു കൊടുക്കേണ്ടതുള്ളതുകൊണ്ട് അയാളെ തിരുവനന്തപുരം മെഡിക്കൽകോളേജാശുപത്രിയിൽ കൊണ്ടുവന്നു. ഇൻജക്ഷനുചെയ്യേണ്ടതായി വന്നു. അതിനുശേഷം രാജപ്പനും മരിക്കുകയാണുണ്ടായത്. ഇവർക്ക് രണ്ടാമത്തെ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. അന്നുതന്നെ പേപ്പട്ടിയുടെ കടിയേറ്റ മറ്റു ചിലയാളുകളും വന്നു. അവർ പരിഭ്രാന്തരായിരുന്നു. അതുകൊണ്ട് അവരെ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ കൊണ്ടുപോയി. അവരെ പ്രത്യേകമായ പരിശോധനയിൽ വച്ചിരിക്കുകയാണ് ചെയ്തത്. അവർക്ക് ആവശ്യമായ ചികിൽസയെല്ലാം കൊടുത്ത് പിന്നീട് വിട്ടയച്ചു.

ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തിയതിൽനിന്നും ഒരു കാര്യം മനസ്സിലാക്കാൻ സാധിച്ചത്, പേപ്പട്ടിവിഷബാധയേറ്റതിനുശേഷം ചില പഥ്യങ്ങളും ആചരിക്കാനുണ്ടായിരുന്നുവെന്നാണ്. അത് ഈ മരണമടഞ്ഞവർ രണ്ടുപേരും ആചരിച്ചില്ലെന്നാണ് ആ റിപ്പോർട്ടിൽ കാണുന്നത്. പ്രാഥമികമായ റിപ്പോർട്ട് കിട്ടിയതിൽനിന്നും അവിടത്തെ ഡിസ്പെൻസറിയിലെ ഭാരവാഹികളുടെയോ മരുന്നിന്റെയോ പ്രത്യേകത കൊണ്ടല്ല, മരണം സംഭവിച്ചതെന്നാണ് കാണുന്നത്. ഇനിയെങ്കിലും ഭാവിയിൽ യാതൊരു അപകടവും ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. ആ ഡോക്ടറെ അവിടെനിന്നും സ്ഥലംമാറ്റി. ആവശ്യമായ അന്വേഷണം നടത്തുന്നുണ്ട്.

(2) പുന്നമൂട് ഹൈസ്ക്കൂളിന്റെ ദുരവസ്ഥ

ശ്രീ. എൻ. ശക്തൻ നാടാർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ പുന്നമൂട് ഗവൺമെന്റ് ഹൈസ്ക്കൂളിൽ ക്ലാസ് മുറികൾ ഇല്ലാത്തതു കാരണം, മൂന്നു ഷിഫ്റ്റുകളിലായിട്ടാണ് ഇപ്പോൾ ക്ലാസുകൾ നടക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ, ഏറ്റവും നല്ല ഗവൺമെന്റ് ഹൈസ്ക്കൂളുകളിൽ ഒന്നായ ഈ സ്ക്കൂളിലെ 69 ഡിവിഷനുകളിലായി 2896 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 84 അദ്ധ്യാപകരുമുണ്ട്. ഇത്രയും ക്ലാസുകൾ നടത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ 77 ക്ലാസ്സുമുറികളാണ് ആവശ്യമുള്ളത്. എന്നാൽ 77 ക്ലാസുമുറികളും ആവശ്യമുള്ള ഈ സ്ക്കൂളിൽ വെറും 44 മുറികളും മാത്രമേയുള്ളൂ. ആ 44 മുറികളും തന്നെ ഈ കഴിഞ്ഞ വെള്ളപ്പൊക്കകാലത്തു കൊടുത്തതുകൊണ്ട് നിർമ്മിച്ചതാണ്. 44 മുറികളിൽ മൂന്നു ഷിഫ്റ്റുകളിലായി ക്ലാസ്സുകളും നടക്കുന്നതുമൂലം നല്ലനിലവാരത്തിൽ കഴിഞ്ഞ ഈ സ്ക്കൂളും ഇന്ന് വളരെ താഴ്ന്ന നിലവാരത്തിലേക്ക് വന്നിരിക്കുകയാണ്. അതുമാത്രമല്ല, ഇന്നുള്ളതിൽ തന്നെ 3 ഡെഡ്ഡുകൾക്ക് താൽക്കാലികമായി ഇപ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുത്തിരിക്കുകയാണ്. ഏത് നിമിഷവും നിലംപതിക്കാമെന്നുള്ള നിലയിൽ ഈ സ്ക്കൂൾ എത്തിയിരിക്കുന്നു. കഴിഞ്ഞ 7 വർഷത്തിനുമുമ്പ് ഈ സ്ക്കൂളിൽ 27 ലക്ഷം രൂപയുടെ 3 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും ടെക്നിക്കൽ സാങ്ഷനും നൽകിയതാണ്. എന്നാൽ ആ കെട്ടിടങ്ങൾ ഇതുവരെയും നിർമ്മിച്ചിട്ടില്ല. അതുകാരണം നല്ല നിലവാരത്തിൽ പ്രവർത്തിച്ചുവന്നിരുന്ന ഏറ്റവും കൂടുതൽ വിദ്യാർത്ഥികളുള്ള ഒരു ഹൈസ്ക്കൂൾ ഇന്ന് വളരെയധികം താഴോട്ട് പോന്നിരിക്കുന്നു. 3 കെട്ടിടങ്ങൾ പുതുതായി നിമിഷവും നിലംപതിക്കാവുന്ന സ്ഥിതിയിലേക്ക് കുഞ്ഞുങ്ങൾക്ക് അപകടം സംഭവിക്കാവുന്ന സ്ഥിതിയിലേക്ക്. നീങ്ങിയിരിക്കുന്ന ഈ സാഹചര്യത്തിൽ 27 ലക്ഷം രൂപയുടെ 3 കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ആ 3 കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് ഈ വിദ്യാഭ്യാസവർഷം ഏതെങ്കിലും കാരണവശാൽ കഴിയാതെ വരുകയാണെങ്കിൽ അതിൽ ഏതെങ്കിലും ഒരു കെട്ടിടമെങ്കിലും നിർബന്ധമായും ഈ അദ്ധ്യയനവർഷം തന്നെ നിർമ്മിക്കുന്നതിന് അനുവാദം നൽകണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, കല്ലിയൂർ പഞ്ചായത്തിലെ പുന്നമൂട് ഗവൺമെന്റ് ഹൈസ്ക്കൂളിനു കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 27 ലക്ഷം രൂപയുടെ ഒരു ഭരണാനുമതി ഗവൺമെന്റ് നൽകിയിരുന്നു. അതിനുള്ള ടെക്നിക്കൽ സാംഗ്ഷനും കൊടുത്തിട്ടുണ്ട്. പക്ഷേ ഫണ്ടിന്റെ അപര്യാപ്തതകൊണ്ടാണ് ആ വർക്ക് പുരോഗമിക്കാത്തത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആ സ്ക്കൂളിന് കെട്ടിടം ആവശ്യമാണെന്ന് ഡിപ്പാർട്ടുമെന്റിന് ബോദ്ധ്യമായിട്ടുണ്ട്. ഏതെങ്കിലും നിലയിൽ അതിനുള്ള പ്രവർത്തനം നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ഒരു കെട്ടിടമെങ്കിലും പണിയുന്ന കാര്യം ഗവൺമെന്റ് സജീവമായിട്ട് പരിഗണിക്കുന്നതാണ്.

(3) ആലത്തൂർ താലൂക്കിലെ കൊലപാതകങ്ങൾ

ശ്രീ. സി. ടി. കൃഷ്ണൻ : സർ, ആലത്തൂർ താലൂക്കിൽ, പൊതുവിലും വടക്കഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പ്രത്യേകിച്ചും ദിവസേനയെന്നോണം കൊലപാതകങ്ങളും നടക്കുകയാണ്. ഈ കൊലപാതകങ്ങളോട് നിരുത്തരവാദപരമായ സമീപനമാണ് പോലീസിന്റെ ഭാഗത്തു നിന്നുണ്ടാകുന്നത്. അതുകൊണ്ട് ഒരൊറ്റ കേസിലും പ്രതികളെ പിടിക്കുന്നതിനോ കേസ് എടുക്കുന്നതിനോ ഇന്നേവരെ നടപടികളും സ്വീകരിച്ചിട്ടില്ല. ഞാൻ കഴിഞ്ഞ ജൂലായ് മാസത്തിൽ സൂചിപ്പിച്ചിരുന്നതാണ്. കഴിഞ്ഞ ജൂലായ് മാസം 14-ാം തീയതി അർദ്ധരാത്രി, എന്റെ പഞ്ചായത്തിൽ കിഴക്കഞ്ചേരി പഞ്ചായത്തിൽ, കരിങ്കയത്ത് 'സണ്ണി'യെന്നു പറയുന്ന ഒരാളെ

LIBRARY ARCHIVES Kerala Legislative Assembly